കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം തിരുവനന്തപുരം നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർഗ്രേഡ് -2 ശ്രീമതി.ശാലിനി.വി.എസ് ന്റെ സേവനപുസ്തകത്തിൽ ജനന തീയതി തിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1870/2016/തസ്വഭവ. തീയതി: തിരുവനന്തപുരം, 08/06/2016.

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 13/01/2016 തീയതിയിലെ ഇ 2-6153/15 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർഗ്രേഡ് -2 ആയി 2011 ൽ നിയമിതയായ ശ്രീമതി.ശാലിനി.വി.എസ് ന്റെ സേവനപുസ്തകത്തിൽ ടിയാളുടെ ജനന തീയതി എസ്.എസ്.എൽ സി സർട്ടിഫിക്കറ്റിലെ ജനന തീയതിയായ 24/03/1984 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടിയാളുടെ ജനന സർട്ടിഫിക്കറ്റ് പ്രകാരം ജനന തീയതി 24/07/1984 ആണെന്നും ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് കമ്മീഷണർ ഓഫ് എക്സാമിനേഷൻസിന്റെ 26/06/2015 ലെ K.Dis/Ex/JA1/29265/15 നമ്പർ പ്രകാരം എസ്.എസ്.എൽ സി സർട്ടിഫിക്കറ്റി ൽ യഥാർത്ഥ ജനന തീയതി രേഖപ്പെടുത്തി നൽകിയിട്ടുള്ളതിനാലും ടിയാളുടെ സേവനപുസ്തകത്തിൽ യഥാർത്ഥ ജനന തീയതി രേഖപ്പെടുത്തുന്നതിനുള്ള അനുമതിക്കായി നഗരകാര്യ ഡയറക്ടർ പരാമർശം(3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ശാലിനി.വി.എസ് ജോലിയിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ തന്നെ ജനനതീയതി തിരുത്തുന്നതിന് അപേക്ഷ സമർപ്പിക്കുകയും, ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് കമ്മീഷണർ ഓഫ് എക്സാമിനേഷൻസിന്റെ 26/06/2015 ലെ K.Dis/Ex/JA1/29265/15 നമ്പർ പ്രകാരം എസ്.എസ്.എൽ സി സർട്ടിഫിക്കറ്റിൽ യഥാർത്ഥ ജനന തീയതി രേഖപ്പെടുത്തി നൽകിയിട്ടുമുള്ള സാഹചര്യത്തിൽ ടിയാളുടെ സേവനപുസ്തകത്തിൽ ജനനതീയതി 24/07/1984 എന്ന് തിരുത്തുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി.ശാലിനി.വി.എസ്,ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർഗ്രേഡ് -2,
തിരുവനന്തപുരം നഗരസഭ
സെക്രട്ടറി,തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.